10 (298) സാമ്പത്തിക പ്രതിസന്ധിയുടെ പരിഹാര മാർഗ്ഗങ്ങൾ

ശ്രീമതി കെ. ആർ. ഗൗരിയമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധന കാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ സാമ്പത്തിക പ്രതിസന്ധി നേരിടുന്നുണ്ടോ; എങ്കിൽ ഇതിന്റെ അടിസ്ഥാനത്തിൽ എന്തെങ്കിലും ചെലവ്ചുരുക്കൽ പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്താമോ;

(ബി) സാമ്പത്തിക പ്രതിസന്ധി കാരണം ട്രഷറി ഇടപാടുകളിൽ സർക്കാർ എന്തെങ്കിലും നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്താമോ?

ഉത്തരം

(എ) സംസ്ഥാന സർക്കാർ സാമ്പത്തിക പ്രതിസന്ധി നേരിടുന്നില്ല.

(ബി) ട്രഷറി ഇടപാടുകളിൽ സാമ്പത്തിക പ്രതിസന്ധി കാരണം പുതുതായി നിയന്ത്രണങ്ങൾ ഒന്നും ഏർപ്പെടുത്തിയിട്ടില്ല.

11 (299) ചെലവ് ചുരുക്കൽ പരിപാടി

ശ്രീ. സി.ടി. അഹമ്മദ് അലി :
ശ്രീ. കെ.പി.എ. മജീദ് :
ശ്രീ. കെ.കുട്ടി അഹമ്മദ് കുട്ടി :
ശ്രീ. സി. മൊയിൻകുട്ടി :
ശ്രീ. ഇസ്ഹാക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധന കാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാരിന്റെ സാമ്പത്തിക ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന്റെ ഭാഗമായി ഏർപ്പെടുത്തിയ ചെലവുചുരുക്കൽ പരിപാടിയിൽ എന്തെല്ലാം നടപടികളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്;

(ബി) ആഡംബര കാറുകൾ വാങ്ങുന്നതും ഉയർന്ന തസ്തികകൾ സൃഷ്ടിക്കുന്നതും ഒഴിവാക്കിയാൽ ദുർവ്യയം എത്രകണ്ട് കുറയുമെന്ന് കണക്കാക്കിയിട്ടുണ്ടോ;

(സി) മന്ത്രിമാരുടെ ടി.എ., ഡി.എ അവരുടെ ആഫീസുകളിലെ ഫോൺ ചാർജ്ജ്, ഹോസ്പിറ്റാലിറ്റി ചാർജ്ജ് മുതലായവയിൽ എന്തെങ്കിലും നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ടോ;

(ഡി) അവ ബഡ്ജറ്റ് തുകയിൽ കവിയാതെ സൂക്ഷിക്കുമോ?

ഉത്തരം

(എ) പുതിയ തസ്തിക സൃഷ്ടിക്കൽ, പുതിയ വാഹനങ്ങൾ വാങ്ങൽ, ഓഫീസ് ചെലവുകൾ, ഇന്ധനചെലവുകൾ എന്നിവയിൽ ചെലവ് ചുരുക്കലിന്റെ ഭാഗമായി നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. ടെലിഫോൺ, മൊബൈൽ ഫോൺ എന്നിവ അനുവദിക്കുന്നതിലും, സംസ്ഥാനത്തിന് പുറത്ത് കോൺഫറൻസ്, പരിശീലനം, സെമിനാർ എന്നിവയിൽ പങ്കെടുക്കുന്നതിനും നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. പുതിയ തസ്തിക സൃഷ്ടിക്കൽ, വാഹനം വാങ്ങൽ എന്നിവ ഇനിയൊരുത്തരവുണ്ടാകുന്നതുവരെ നിരോധിച്ചിട്ടുണ്ട്. കൂടാതെ പബ്ലിക് സെക്ടർ കോർപ്പറേഷനുകൾ അനുവദിക്കാതിരിക്കുക,

LIBRARY ARCHIVES Kerala Legislative Assembly